പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 219

# 2024-ലെ കേരള മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥിര വരുമാനം ഉറപ്പ് വരുത്തുന്ന ബിൽ

(ശ്രീ. കുറുക്കോളി മൊയ്തീൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 219

# 2024-ലെ കേരള മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥിര വരുമാനം ഉറപ്പ് വരുത്തുന്ന ബിൽ

(ശ്രീ. കുറുക്കോളി മൊയ്തീൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

1109/2024.

# 2024-ലെ കേരള മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥിര വരുമാനം ഉറപ്പു വരുത്തുന്ന ബിൽ

(ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ. നോട്ടീസ് നൽകിയത്)

മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥിരവരുമാനം ഉറപ്പു വരുത്തുന്നതിന് വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—നിരന്തരമായ പ്രകൃതിക്ഷോഭങ്ങൾ മൂലവും ട്രോളിംങ് കാലഘട്ടത്തിലും സർക്കാർ വിലക്കേർപ്പെടുത്തുന്ന മറ്റ് അവസരങ്ങളിലും ജോലിക്ക് പോകാനാകാതെ വരുമാനം ഇല്ലാതാകുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥിരവരുമാനം ഉറപ്പു വരുത്തുന്നതിനായി ഒരു നിയമം യുക്തമായിരിക്കുന്നതിനാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു.

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.— (1) ഈ ആക്റ്റിന് 2024-ലെ കേരള മത്സ്യത്തൊഴിലാളി കുടുംബ സ്ഥിരവരുമാനം ഉറപ്പാക്കൽ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവനും വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഈ ആക്റ്റിലെ വ്യവസ്ഥകൾ സർക്കാർ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) വിജ്ഞാപനം എന്നാൽ ഈ ആക്റ്റ് അനുസരിച്ച് ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു.

(ബി) “വകുപ്പ്” എന്നാൽ ഈ ആക്റ്റിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു.

(സി) “സർക്കാർ” എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു.

(ഡി “കുടുംബം” എന്നാൽ മത്സ്യത്തൊഴിലാളികളുടെ കുടുംബം എന്നർത്ഥമാകുന്നു.

(ഇ) “പ്രകൃതി ക്ഷോഭം” എന്നാൽ ജനങ്ങളുടെ ജീവനും ജീവിതത്തിനും പ്രതികൂലമാകുന്ന പ്രകൃതിയുടെ അസ്വാഭാവിക അവസ്ഥ എന്ന് അർത്ഥമാക്കുന്നു.

3. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥിര വരുമാനം ഉറപ്പാക്കൽ ബോർഡ് രൂപീകരണം.—ഗസറ്റിൽ വിജ്ഞാപനം വഴി നിർദ്ദേശിക്കുന്ന തീയതി മുതൽ പ്രാബല്യത്തോട് കൂടി മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥിരവരുമാനം ഉറപ്പു വരുത്തുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും, പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥിരവരുമാനം ഉറപ്പാക്കൽ ബോർഡ് എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്.

4. ബോർഡിന്റെ ആസ്ഥാനവും, അധികാരങ്ങളും.—ബോർഡ് ഗസറ്റ് വിജ്ഞാപനത്തിലൂടെ 12 അംഗ ഭരണസമിതിയെ നിയമിക്കേണ്ടതും അതിൽ നിർബന്ധമായും സംസ്ഥാന ഫിഷറീസ് വകുപ്പ് മന്ത്രിയും, ധനകാര്യ വകുപ്പ് മന്ത്രിയും, മൂന്ന് നിയമസഭാ സാമാജികരും മത്സ്യത്തൊഴിലാളികളുടെ 3 പ്രതിനിധികളും ബാക്കി സർക്കാർ നിർദ്ദേശിക്കുന്ന താഴെപ്പറ്റുന്ന അംഗങ്ങളും ഉണ്ടായിരിക്കേണ്ടതാണ്:—

(i) സംസ്ഥാന ഫിഷറീസ് വകുപ്പ് സെക്രട്ടറി;

(ii) സംസ്ഥാന ഫിഷറീസ് വകുപ്പ് ഡയറക്ടർ;

(iii) സംസ്ഥാന ധനകാര്യ വകുപ്പ് സെക്രട്ടറി;

(iv) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രതിനിധി.

ബോർഡിലെ അംഗങ്ങളിൽ നിന്നും ഒരാളെ സർക്കാർ ചെയർമാനായോ ചെയർപേഴ്സൺ ആയോ നാമനിർദ്ദേശം ചെയ്യേണ്ടതാണ്. ആക്റ്റിൽ നിർദ്ദേശിക്കുന്ന രീതിയിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരത്തോടെ താഴെപ്പറയുന്ന പ്രകാരം ഭരണം നടത്തേണ്ടതാണ്:—

(എ) സംസ്ഥാനത്തിലെ മത്സ്യത്തൊഴിലാളികളെ കുറിച്ച് വിശദമായ പഠനം നടത്തി മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥിരവരുമാനം ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക;

(ബി) മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് തൊഴിലില്ലാത്ത കാലത്തും നിശ്ചിത തുക നൽകുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കൽ;

(സി) മത്സ്യത്തൊഴിലാളി കുടുബങ്ങൾക്ക് യാതൊരുവിധ വരുമാനവും ഇല്ലാത്ത സാഹചര്യം ഒഴിവാക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്യുക;

(ഡി) മത്സ്യത്തൊഴിലാളികളുടെ കുടംബങ്ങളിലെ കുട്ടികളെ UPSC, PSC, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവിടങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിന് പ്രാപ്തമായ രീതിയിൽ ശാക്തീകരിക്കുക;

(ഇ) മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകളെ സ്വയംപര്യാപ്തമാകുന്ന രീതിയിൽ ശാക്തീകരിക്കുക;

(എഫ്) മത്സ്യബന്ധന മേഖലയിൽ നിന്ന് മാത്രമല്ലാതെ മറ്റ് വരുമാനമാർഗങ്ങൾ കൂടി കണ്ടെത്തുന്നതിനുള്ള പിന്തുണ നൽകുക.

5. ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനങ്ങൾ.—ഈ ആക്റ്റ് പ്രകാരം സർക്കാരിന്റെ ചുമതലകളും, കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് ഒരു സെക്രട്ടറിയും, ആവശ്യമെങ്കിൽ അവർ കരുതുന്നത്ര മറ്റു ഉദ്യോഗസ്ഥരെയും നിയമിക്കാവുന്നതാണ്.

6. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(എ) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് വേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(ബി) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയ ശേഷം കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോഴോ (ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനത്തിലോ പെടാം) ആദ്യം വായിക്കേണ്ടതും അപ്രകാരം അത് വയ്ക്കുന്ന സമ്മേളനമോ അതിന് തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ ചട്ടത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം ആ ചട്ടത്തിന് അതിന് ശേഷം അതത് സംഗതി പോലെ അങ്ങനെ ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതോ ആകുന്നു. എന്നിരുന്നാലും ഇങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിപ്പെടുത്തലോ ദുർബലപ്പെടുത്തലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തതായ യാതൊന്നിന്റെയും സാധ്യതക്ക് ഭംഗം വരാത്തവിധത്തിൽ ആയിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

നമ്മുടെ സംസ്ഥാനത്തിൽ ഏകദേശം പത്ത് ലക്ഷത്തിലധികം ആളുകൾ മത്സ്യബന്ധനം, വിപണനം, സംസ്കരണം തുടങ്ങിയ മേഖലകളിൽ വ്യാപൃതരായിട്ടുണ്ട്. മത്സ്യബന്ധനത്തിലേർപ്പെടുന്നവർ കടലിനോട് പൊരുതി ജീവിതം മുന്നോട്ട് നയിക്കുന്നവരാണ്. പ്രകൃതി കനിഞ്ഞില്ലായെങ്കിൽ പട്ടിണിയിലാണ് ഇവരുടെ ജീവിതം. മത്സ്യത്തൊഴിലാളികളിൽ ഏറിയ പങ്കും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും ചിലർ അതിദരിദ്രരുമാണ്. വർഷത്തിൽ പകുതിയിലധികം ദിവസം ഇവർക്ക് ജോലിയുണ്ടാകില്ല. ഇത് ഇവരുടെ നിത്യജീവിതത്തെ മാത്രമല്ല, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, മറ്റ് അത്യാവശ്യകാര്യങ്ങൾ തുടങ്ങിയവയെ ബാധിക്കുന്നു. കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥയ്ക്ക് കാരണം സ്ഥിരവരുമാനം ഇല്ല എന്നതാണ്. പ്രസ്തുത മേഖലയിലെ കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസം നേടുന്നതിനും സർക്കാർ-അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജോലികൾ, പ്രൊഫഷണൽ

കോഴ്സുകൾ, ഇന്ത്യയിലും വിദേശത്തുമുള്ള ഉന്നത സർവകലാശാലകളിലെ പഠനം, ഗവേഷണം, മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ എന്നിവ നിഷേധിക്കപ്പെടുന്നതും സ്ഥിരവരുമാനമില്ലായ്മ മൂലമാണ്. പട്ടിണിയകറ്റാൻ സർക്കാർ മുന്നറിയിപ്പ് പോലും അവഗണിച്ച് കൊണ്ട് സമുദ്രങ്ങളിൽ ഉപജീവനമാർഗം തേടി പോകാൻ നിർബന്ധിതരാകുന്നതിനാൽ ഇവരിൽ പലരും പ്രകൃതിക്ഷോഭത്തിൽ അകാലത്തിൽ മരണപ്പെടുന്നു. മെച്ചപ്പെട്ട വീടുകളുടെ അഭാവം, ശുചിമുറിയില്ലാത്ത അവസ്ഥ, ദാരിദ്ര്യം എന്നിവ മൂലം വൃത്തിഹീനമായ സാഹചര്യങ്ങളിൽ താമസിക്കേണ്ടി വരുന്നത് പകർച്ചവ്യാധികളും മാറാവ്യാധികളും വിട്ടൊഴിയാത്ത ഒരു വിഭാഗമായി ഇവരെ മാറ്റുന്നു. ഇതിനെല്ലാം പരിഹാരമായി മത്സ്യത്തൊഴിലാളികൾക്ക് സ്ഥിരവരുമാനം ലഭിക്കുന്നതിന് ഒരു നിയമനിർമ്മാണം അനിവാര്യമാണ്.

## ധനകാര്യ മെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾക്ക് അനുസരിച്ച് ബോർഡ് നിലവിൽ വരികയും പ്രവർത്തനക്ഷമമാവുകയും ചെയ്യുമ്പോൾ മാത്രമേ ഇതിന് വേണ്ടിവരുന്ന സാമ്പത്തിക ബാധ്യത എത്രയെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ. എങ്കിലും, ബോർഡിന്റെ പ്രാരംഭ ചെലവുകൾക്കായി 50 ലക്ഷം രൂപ സഞ്ചിത നിധിയിൽ നിന്നും ചെലവ് പ്രതീക്ഷിക്കുന്നു. മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന മറ്റ് ക്ഷേമപദ്ധതികൾ കൂടി ഇതിനോട് ചേർത്ത് കൊണ്ടുവരാവുന്നതാണ്.

## ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്റ്റ് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്. സഭയ്ക്ക് അത് അംഗീകരിക്കുവാനോ റദ്ദ് ചെയ്യുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ ഉള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കാണ്. ആയതിനാൽ ഏൽപ്പിച്ചു കൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

കുറുക്കോളി മൊയ്തീൻ, എം.എൽ.എ.